പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുളിക്കടവ് പാലത്തിന് 28-2-2011-ന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പാലംനിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലംനിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വട്ടോളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കാര്യങ്ങൾ സ്പീഡിൽ പോകുന്നില്ല എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മിഷൻ 676 പദ്ധതിയിൽ അങ്ങ് സബ്മിഷനിലൂടെ നിർദ്ദേശിച്ചതും ഉന്നയിച്ചതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി പ്രത്യേകമായ അവലോകനം നടത്തുന്നതാണ്. ഭൂമി ലഭ്യമാകാത്ത കേസുകളിൽ അങ്ങയുടെ ഓഫീസ് പ്രവർത്തിക്കണം എന്നാണ് പറയാനുള്ളത്.

(22) നേമം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ശിവൻകുട്ടി: സർ, നേമം നിയോജകമണ്ഡലത്തിലെ മധുപാലം, പനത്തുറ പാലം, മുടവൻമുഗൾ-സത്യൻനഗർ പാലം, പള്ളത്തുകടവ് പാലം, കല്ലടിമുഖം പാലം, ഇടയാർ പാലം, മങ്കാട്ടുകടവ് പാലം, തിരുവല്ലത്ത് പുതിയ പാലം, കീഴാറന്നൂർ പാലം എന്നീ ഒമ്പത് പാലങ്ങളുടെ നിർമ്മാണത്തിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇവയിൽ, മധുപാലം എന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും 7 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. ഈ പാലത്തിനും നേമം മണ്ഡലത്തിലെ കല്ലടിമുഖം പാലം, പള്ളത്തുകടവ് പാലം എന്നീ പാലങ്ങൾക്കും സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഭരണാനുമതിയുള്ള മേൽപ്പറഞ്ഞ മൂന്ന് പാലങ്ങളുടെയോ നേമം മണ്ഡലത്തിലെ മറ്റ് ആറ് പാലങ്ങളുടെയോ നിർമ്മാണത്തിൽ ഇപ്പോൾ യാതൊരു പുരോഗതിയുമുള്ളതായി കാണുന്നില്ല. ഞാൻ നേരിട്ട് പങ്കെടുത്തുകൊണ്ട് ഈ പാലങ്ങളുടെയെല്ലാം നിർമ്മാണ അവലോകനയോഗം അതാത് പ്രദേശങ്ങളിലെ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട പൊതുമരാമത്ത് (ബ്രിഡ്ജസ്) ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചേരുകയുണ്ടായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട്, എന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമസഭയിലുള്ള അദ്ദേഹത്തിന്റെ ഓഫീസിൽ പ്രസ്തുത പാലങ്ങളുടെ നിർമ്മാണ അവലോകനയോഗം വിളിച്ചുചേർക്കുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോഴും ആരംഭിക്കാൻ കഴിയാതെ ഫയലിൽ തന്നെ ഉറങ്ങുന്നതിന് കാരണം ലാന്റ് അക്വിസിഷനിലെ കുഴപ്പങ്ങളും നൂലാമാലകളുമാണ്. 2013-ൽ കേന്ദ്രത്തിലെ കോൺഗ്രസ്സ് ഗവൺമെന്റ് പ്രാബല്യത്തിൽ കൊണ്ടുവന്ന The Right to Fair

LIBRARY ARCHIVES Kerala Legislative Assembly

Compensation and Transparency in Land Acquisition Rehabilitation and Resettlement Act 2013 എന്ന പിന്തിരിപ്പൻ കേന്ദ്ര നിയമമാണ് നേമം മണ്ഡലത്തിൽ മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലേയും പൊതുമരാമത്ത് പ്രവർത്തികൾക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്ക് വിലങ്ങുതടിയായി മാറിയത്. ഈ നിയമം കാരണം സംസ്ഥാനത്ത് ചില സുപ്രധാന പൊതുമരാമത്ത് പ്രവൃത്തികളും സ്തംഭിച്ചിരിക്കുകയാണ്. ഈ കേന്ദ്ര നിയമത്തിന് സബ്റൂൾ ഉണ്ടാക്കിയാൽ മാത്രമേ മരാമത്ത് പ്രവൃത്തികൾക്ക് ഭൂമി ഏറ്റെടുത്ത് നടപടി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത ചട്ടങ്ങൾ സംസ്ഥാന സർക്കാർ എത്രയും വേഗം പ്രസിദ്ധീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 13-6-2014-ൽ ഞാൻ ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നതാണ്. കളക്ടർമാരോട് ഭൂമി അക്വിസിഷനെക്കുറിച്ച് ചോദിച്ചാൽ, അതിന് ഒരു കേന്ദ്രനിയമം വന്നിരിക്കുന്നു, ആ കേന്ദ്രനിയമത്തിന് ഒരു സബ്റൂൾ ഇതുവരെ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടില്ല, അതുകൊണ്ട് ഭൂമി അക്വയർ ചെയ്യാൻ സാധിക്കില്ല എന്നുപറഞ്ഞ് ഒഴിയുകയാണ്. ഭൂമി തരേണ്ട വ്യക്തികൾക്ക് സ്വമേധയാ ഭൂമി സറണ്ടർ ചെയ്താൽ എളുപ്പമാകുമെന്നാണ് കളക്ടറുടെ നിലപാട്. ഇത് കൂടാതെ മാസ്റ്റർ പ്ലാൻ, തീരദേശനിയമം, നീർത്തട സംരക്ഷണനിയമം, വനസംരക്ഷണ നിയമം, തുടങ്ങിയ നിയമങ്ങളും, പ്ലാനുകളും കാരണമുള്ള തടസ്സങ്ങളുമുണ്ട്. മേൽപ്പറഞ്ഞ തടസ്സങ്ങൾ കാരണം സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രവൃത്തികൾ പോലും നടപ്പിലാക്കുവാൻ കഴിയാത്ത ഗുരുതരമായ സ്ഥിതിയാണ് സംസ്ഥാനത്തിനുള്ളത്. റവന്യൂ വകുപ്പിലെ ചില ഡെപ്യൂട്ടി കളക്ടർമാരും ചില ഡെപ്യൂട്ടി തഹസീൽദാർമാരും ഈ കേന്ദ്ര നിയമത്തിന്റെ മറവിൽ ലാന്റ് അക്വിസിഷൻ എങ്ങനെ തടസപ്പെടുത്താമെന്നാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അഥവാ എങ്ങനെയെങ്കിലും ഭൂമി ഏറ്റെടുത്ത് കഴിഞ്ഞാൽ 100 വർഷം മുമ്പുള്ള പ്രമാണങ്ങളും അതിനുമുമ്പുള്ള ആധാരങ്ങളും കൊണ്ടുവരണമെന്നുപറഞ്ഞ് സർക്കാരിന് ഭൂമി വിട്ടുകൊടുത്ത ആളുകളെ അവതാളത്തിലാക്കുന്ന സ്ഥിതിവിശേഷമാണ് റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. നേമം മണ്ഡലത്തിൽ നിർമ്മിക്കേണ്ട 9 പാലങ്ങളും ജനങ്ങൾക്ക് അത്യാവശ്യമുള്ളവയാണ്. നഗരത്തിലെ 18 നഗരസഭാ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലങ്ങൾ. സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ജനങ്ങൾ തീരെ സുരക്ഷിതമല്ലാത്ത രീതിയിൽ കടത്തുവള്ളം ഉപയോഗിച്ചാണ് പലയിടങ്ങളിലും യാത്രചെയ്യുന്നത്. ആയതിനാൽ നേമം മണ്ഡലത്തിൽ മേൽപ്പറഞ്ഞ 9 പാലങ്ങളും നിർമ്മിക്കേണ്ടതിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങയുടേയും എന്റേയും കാലാവധി തീരുന്നതിനുമുമ്പ് തറക്കല്ലിടാനുള്ള സൗഭാഗ്യം അങ്ങ് ചെയ്യുതരണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, നേമം നിയോജകമണ്ഡലത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചത്. ആ നിയോജകമണ്ഡലത്തിലുള്ള ഒരു പ്രത്യേകത ലാന്റ് അക്വിസിഷൻ നടന്നിട്ടില്ലെന്നുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. വളരെ കാര്യമായി ശ്രമിച്ച് അവലോകനയോഗം നടത്തിയിട്ടുണ്ട്. ഞാനും പ്രത്യേകം അവലോകനയോഗം നടത്തിയിട്ടുണ്ട്. പക്ഷേ അദ്ദേഹം സൂചിപ്പിച്ചതുപ്പോലെ നമ്മുടെ കേന്ദ്ര നിയമത്തിലെ റൂൾസ് ഫ്രെയിം ചെയ്ത് വരാത്തതുകൊണ്ടാണ് കാലതാമസം വന്നിരിക്കുന്നത്. ഇതിനുള്ള റൂൾസ് ഫ്രെയിം ചെയ്തുവരുന്നുണ്ട്. ഒരു മാസത്തിനുള്ളിൽ ആ റൂൾ ഫ്രെയിം ചെയ്തുവരുമെന്നാണ് റവന്യൂ അധികാരികളും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞിട്ടുള്ളത്. തീർച്ചയായും അത് സ്പീഡപ് ആക്കാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പം നമുക്ക് ചെയ്യാൻ കഴിയുന്നത്, ഇതിന്റെ അഡ്വാൻസ് പൊസിഷൻ കിട്ടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന് ആലോചിക്കാം. അത് കിട്ടുകയാണെങ്കിലും നമുക്ക് എന്തെല്ലാം ചെയ്യണമെന്ന് വിചാരിച്ചാൽ അതെല്ലാം ചെയ്ത് തീർക്കാൻ സാധിക്കും. ഏതായാലും നേമം നിയോജകമണ്ഡലത്തിലെ കരുമം-തിരുവല്ലം റോഡിലെ മധുപാലത്തിന്റെ നിർമ്മാണത്തിന് 700 ലക്ഷം രൂപയുടെയും പള്ളിത്തുകടവ് പാലത്തിന്റെ നിർമ്മാണത്തിന് 850 ലക്ഷം രൂപയുടെയും കല്ലടിമുഖം പാലത്തിന്റെ നിർമ്മാണത്തിന് 500 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മൂന്ന് പാലങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്വാൻസ് പൊസിഷൻ കിട്ടുകയാണെങ്കിൽ ഏറ്റവും നല്ലതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ നടത്താം. ഇതിന് ഡിപ്പാർട്ട്മെന്റ് എന്താണ് ചെയ്യേണ്ടതെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചാൽ അതെല്ലാം ചെയ്യാൻ തയ്യാറാണ്. മുടവൻമുഗൾ പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഈ പാലത്തിന്റെ നിർമ്മാണത്തിന് 65 സെന്റോളം സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മങ്കാട്ടുകടവ് പാലം, കീഴാറന്നൂർ പാലം, തിരുവല്ലം പാലം, ഇടയാർ പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരികയാണ്. പനത്തുറ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly